LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മട്ടന്നൂർ നിയോജക മണ്ഡലത്തിലെ തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട കരാറുകാരനെ സുപ്രീംകോടതി വിധിപ്രകാരം ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ അവസാനിപ്പിക്കുകയും അവശേഷിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 2 തവണ ടെണ്ടർ ചെയ്തുവെങ്കിലും ആരും തന്നെ ടെണ്ടർ സമർപ്പിക്കുകയുണ്ടായില്ല. തുടർന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ലഭ്യമായ ക്വട്ടേഷൻ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു.

(ബി-ഡി) കരാർ പ്രകാരം കരാറുകാരൻ ചെയ്ത പ്രവൃത്തികളുടെ ഔദ്യോഗിക കണക്കെടുപ്പ് പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചതിനുശേഷമാണ് അവശേഷിക്കുന്ന പ്രവർത്തികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. ക്വട്ടേഷൻ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ കരാറുകാരന്റെ നഷ്ടോത്തരവാദിത്തം എത്രയാണെന്ന് കൃത്യമായി കണക്കാക്കുവാൻ സാധിക്കുകയുള്ളൂ. കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ തീരുമാനമായിട്ടില്ല.

(ഇ) ക്വട്ടേഷൻ അംഗീകരിച്ച് എഗ്രിമെന്റ് വയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്.

മുണ്ടയ്ക്കൽ പാലം നിർമ്മാണം

294(1365) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കൈനകരി പാലം നിർമ്മിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരുന്നത്;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തറക്കല്ലിട്ടെങ്കിലും പാലത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) മുണ്ടയ്ക്കൽ പാലത്തിന് തറക്കല്ലിട്ടത് ആരാണ്, എന്നാണ് തറക്കല്ലിട്ടത്;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് മുണ്ടയ്ക്കൽ പാലത്തിന്റെ നിർമ്മാണത്തിനായി എത്ര രൂപ അനുവദിച്ചു; ആരാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്, എന്നാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയത്; വ്യക്തമാക്കാമോ;

(ഇ) പാലത്തിന്റെ പണി കരാർ പ്രകാരം എന്ന് പൂർത്തിയാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2009-ൽ 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും, പ്രസ്തുത പാലം നിർമ്മാണത്തിനായി തറക്കല്ലിടുകയും ചെയ്തു.

(ബി) യഥാസമയം പ്രസ്തുത പാലത്തിന്റെ വിശദമായ രൂപരേഖ ലഭ്യമാകാതിരുന്നതിനാൽ ഭരണാനുമതി കാലഹരണപ്പെട്ടു. തുടർന്ന് പാലം നിർമ്മാണ പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) സഹകരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. സുധാകരൻ അവർകളാണ് 3-3-2011-ൽ പ്രസ്തുത പാലത്തിന് തറക്കല്ലിട്ടത്.

(ഡി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പാലത്തിനായി സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെ 22.5 കോടി രൂപയുടെ ഭരണാനുമതിയും 25.85 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അവർകൾ 2015 ഒക്ടോബർ 2-ാം തീയതി നിർമ്മാണ ഉദ്ഘാടനം നടത്തി.

(ഇ) രണ്ട് വർഷത്തെ കാലാവധി പ്രകാരം 7-9-2017-ൽ പാലത്തിന്റെ പണി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ

295(1366) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശമിരുന്ന റോഡുകളിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത റോഡുകൾ തിരികെ അതത് സ്ഥാപനങ്ങൾക്കു തന്നെ കൊടുക്കുന്നതിന് നിയമ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(ബി) ഏറ്റെടുത്ത റോഡുകളിൽ അറ്റകുറ്റപണികളോ പരിഷ്കരണ പ്രവർത്തികളോ ഇതുവരെ നടത്തിയിട്ടില്ലെങ്കിൽ അറ്റകുറ്റപണികൾ നടത്തുമോ; ഇല്ലെങ്കിൽ അവ ബന്ധപ്പെട്ട പഞ്ചായത്ത് സ്ഥാപനങ്ങൾക്ക് അടിയന്തരമായി വിട്ടുനൽകുമോ?

ഉത്തരം

(എ) സർക്കാരിന്റെ നയപരമായ തീരുമാനമനുസരിച്ചാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. ഈ റോഡുകൾ മെച്ചപ്പെട്ട രീതിയിൽ പുനരുദ്ധരിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly